ഉത്തരം

(എ) 20 പെൺവാണിഭ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 9 കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം നെടുമങ്ങാട് പി. എസ്. ക്രൈം. 186/2003 എന്ന കേസിലെയും കോഴിക്കോട് നടക്കാവ് പി. എസ്. ക്രൈം. 486/02 എന്ന കേസിലെയും പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട്.

സ്ത്രീപീഡനക്കേസുകൾ

70 [71] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര സ്ത്രീപീഡനക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്;

(സി) അന്വേഷണം പൂർത്തിയാക്കി കോടതിക്ക് റഫർ ചെയ്യാൻ ഇനി എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 13,113 കേസുകൾ.

(ബി) 71 കേസുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്.

(സി) 1,492 കേസുകൾ.

പോലീസ് ഉദ്യോഗസ്ഥന്മാർ പ്രതികളായുള്ള പരാതികൾ

71 [72] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് ഉദ്യോഗസ്ഥന്മാർ പ്രതികളായുള്ള എത്ര പരാതികൾ ലഭിക്കുകയുണ്ടായിട്ടുണ്ട്;

(ബി) ഇതിൽ എത്ര പരാതികൾ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ചുള്ളതാണ്;

LIBRARY ARCHIVES Kerala Legislative Assembly